# കേരള ടൂറിസം സംഘടിപ്പിക്കുന്ന ലോക പൂക്കള മത്സരം

## നിയമാവലി

ഓണാഘോഷങ്ങളുടെ ഭാഗമായി കേരള ടൂറിസം ലോക പൂക്കള മത്സരം സീസൺ 3 സംഘടിപ്പിക്കുന്നു. ഇത്തവണയും ഓൺലൈനായാണ് പൂക്കള മത്സരം ഒരുക്കുന്നത്. വ്യക്തിഗത തലത്തിലും സ്ഥാപനങ്ങൾക്കും സംഘടനകൾക്കുമായി ഗ്രൂപ്പ് തലത്തിലും രണ്ട് വിഭാഗമായാണ് മത്സരം. വിധികർത്താക്കളുടെ സമിതി സമ്മാനാർഹരെ തെരഞ്ഞെടുക്കും. മത്സരത്തിന്റെ നിയമാവലി താഴെ കൊടുക്കുന്നു:

1. കേരള സംസ്ഥാന വിനോദസഞ്ചാര വകുപ്പാണ് (കേരള ടൂറിസം) ലോക പൂക്കള മത്സരം സീസൺ 3 സംഘടിപ്പിക്കുന്നത്. മത്സരത്തിന്റെ സംഘാടന ചുമതല നിർവഹിക്കുന്നത് കേരള ടൂറിസത്തിന്റെ ഐസിടി സൊലൂഷ്യൻ പ്രൊവൈഡറായ ഇൻവിസ് (ഇൻവിസ് പ്രൈവറ്റ് ലിമിറ്റഡ്, പണ്ഡിറ്റ് കോളനി, കവടിയാർ, തിരുവനന്തപുരം) ആണ്.

2. ലോക പൂക്കള മത്സരത്തിൽ കേരളത്തിനകത്തും പുറത്തുമുള്ള ഏതു വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സംഘടനകൾക്കും പങ്കെടുക്കാം.

3. മത്സരത്തിൽ പങ്കെടുക്കാൻ പ്രായപരിധിയും എൻട്രി ഫീസും ഇല്ല.

4. 2023ലെ ഓണാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച അത്തപ്പൂക്കളത്തിന്റെ ചിത്രങ്ങൾ മാത്രമേ മത്സരത്തിനായി പരിഗണിക്കുകയുള്ളൂ. മുൻ വർഷങ്ങളിലെ അത്തപ്പൂക്കളത്തിന്റെ ചിത്രങ്ങൾ പരിഗണിക്കുന്നതല്ല. കേരള ടൂറിസം ആവശ്യപ്പെടുകയാണെങ്കിൽ മത്സരാർത്ഥികൾ അവരുടെ ഫോട്ടോഗ്രാഫുകളുടെ ആധികാരികത തെളിയിക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ഹാജരാക്കേണ്ടി വരും.

5. മത്സരം ആരംഭിക്കുന്നത് 2023 ഓഗസ്റ്റ് 17 ാം തിയതിയും അവസാനിക്കുന്നത് 2023 സെപ്റ്റംബർ 16 ന് ഇന്ത്യൻ സമയം അർദ്ധരാത്രിയുമാണ്. ഇരു തിയതികൾക്കും മാറ്റം ബാധകമാണ്.

6. നിയമാവലി മത്സരത്തിന്റെ നിയമാനുസൃതമായ കരാർ ആയതിനാൽ മത്സരാർത്ഥികൾ ഇത് ശ്രദ്ധാപൂർവം വായിച്ച് മനസിലാക്കിയതിനു ശേഷം വേണം മത്സരത്തിൽ പങ്കെടുക്കാൻ. അതനുസരിച്ച് മത്സരാർത്ഥി അയയ്ക്കുന്ന എൻട്രി മത്സരത്തിന്റെ നിയമാവലിയ്ക്ക് അനുസൃതമായിരിക്കും.

7. ലോകപൂക്കള മത്സരത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് www.keralatourism.org/contest/pookkalam2023/ എന്ന ലിങ്ക് ഉപയോഗിച്ച് രജിസ്റ്റർ ചെയ്യാം.

8. ഓരോ മത്സരാർത്ഥിക്കും ഓരോ കാറ്റഗറിയിലായി പരമാവധി അഞ്ച് എൻട്രികൾ വരെ സമർപ്പിക്കാൻ കഴിയും. ഓരോ എൻട്രിയിലും കുറഞ്ഞത് രണ്ട് ചിത്രങ്ങൾ നിർബന്ധമായും ഉണ്ടായിരിക്കണം. അതിൽ 1)പൂക്കളത്തിന്റെ ഫോട്ടോയും, 2) പൂക്കളത്തിനൊപ്പം കുടുംബാംഗങ്ങളും/മത്സരാർത്ഥികളുടെ ഫോട്ടോയും ഉണ്ടായിരിക്കേണ്ടതാണ്. മത്സരാർത്ഥികൾക്ക് അവരുടെ ചിത്രങ്ങൾക്ക് തലക്കെട്ടും വിവരണവും നൽകാനുള്ള ഓപ്ഷനുണ്ട്.

9. പൂക്കള മത്സരം കൂടുതൽ ജനകീയമാക്കുവാൻ NRI-ക്കാർ പൂക്കളം ഒരുക്കുമ്പോൾ ആ സ്ഥലത്തെ വിദേശികളെക്കൂടി ഉൾപ്പെടുത്തുകയും അവരോടൊപ്പം ഉള്ള ചിത്രം മത്സരത്തിനായി സമർപ്പിക്കാവുന്നതാണ്.

10. ഫോട്ടോ .jpg ഫോർമാറ്റിൽ ആയിരിക്കണം. പരമാവധി 20 mbയിൽ കൂടരുത്. ഫോട്ടോ അപ്‌ലോഡ് ചെയ്യുമ്പോൾ ഏതെങ്കിലും തരത്തിലുള്ള സാങ്കേതിക തടസമുണ്ടായാൽ മത്സരാർത്ഥികൾക്ക് lokapookkalam@keralatourism.org എന്ന വിലാസത്തിലേക്ക് എഴുതാവുന്നതാണ്.

11. അപ്‌ലോഡ് ചെയ്ത എൻട്രികൾ മത്സരത്തിന്റെ അഡ്മിൻ പരിശോധിക്കുന്നതായിരിക്കും. നിയമാവലിക്കു വിരുദ്ധമായ എൻട്രികൾ സ്വീകരിക്കുന്നതല്ല. അല്ലാത്തവയ്ക്ക് അപ്രൂവൽ നൽകുന്നതായിരിക്കും.

12. ചിത്രങ്ങൾ വിജയകരമായി സമർപ്പിക്കപ്പെട്ടു കഴിഞ്ഞാൽ മത്സരാർത്ഥികൾക്ക് ചിത്രങ്ങൾ പ്രസിദ്ധീകരിച്ച പേജിന്റെ ലിങ്ക് ഇമെയിൽ വഴി ലഭിക്കുന്നതാണ്. അത് #lokapookkalam2023 എന്ന ഹാഷ്ടാഗ് ഉപയോഗിച്ച് അവരവരുടെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ പ്രസിദ്ധീകരിക്കാവുന്നതാണ്. അതുപോലെ ഇതേ ഹാഷ് ടാഗ് ഉപയോഗിച്ച് മത്സരാർത്ഥികൾക്ക് അവരുടെ ഫോട്ടോകൾ ലോകപൂക്കളം വെബ്സൈറ്റിൽ നിന്ന് സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലേക്ക് ഷെയർ ചെയ്യാനും സാധിക്കും.

13. മത്സര വെബ്സൈറ്റിനോ ഹോസ്റ്റ് ചെയ്യുന്ന സെർവറിനോ ഉണ്ടാകാനിടയുള്ള എന്തെങ്കിലും തകരാറ്, നെറ്റ്‌വർക്ക് കണക്ടിവിറ്റി പ്രശ്നം, ട്രാൻസ്മിഷൻ തകരാറ്, ഹാർഡ്‌വെയർ/സോഫ്റ്റ്‌വെയർ തകരാറ് തുടങ്ങി അപ്രതീക്ഷിതമായി സംഭവിക്കാവുന്ന തടസങ്ങൾക്ക്(വിസ് മേജർ) കേരള ടൂറിസമോ ഐസിടി സൊലൂഷ്യൻസ് പ്രൊവൈഡറോ ഉത്തരവാദി ആയിരിക്കില്ല.

14. മത്സരത്തിനുള്ള എൻട്രിയിൽ താഴെ പറയുന്നവ ഉണ്ടായിരിക്കരുത്:

1) ദേശീയ, സംസ്ഥാന, തദ്ദേശ നിയമങ്ങൾക്ക് അപവാദമാകുന്നതോ കുറ്റകരമായതോ ആയ ഉള്ളടക്കമോ വസ്തുതയോ.

2) മറ്റൊരാളുടെ ഉടമസ്ഥതയിലുള്ള ഉള്ളടക്കത്തിന്റെയോ വസ്തുവിന്റെയോ അതല്ലെങ്കിൽ മറ്റൊരാളുടെ പൊതു, സ്വകാര്യ, ബൗദ്ധിക അവകാശങ്ങളെ ഹനിക്കുന്ന തരത്തിലുള്ള ഉള്ളടക്കത്തിന്റെയോ വസ്തുവിന്റെയോ ഉപയോഗം.

3) സംസ്ഥാന ടൂറിസത്തെ മോശമായി ബാധിക്കുന്ന തരത്തിലുള്ള ഉള്ളടക്കം.

15. മത്സരാർത്ഥിയുടെ ഭാഗത്തു നിന്ന് എന്തെങ്കിലും തരത്തിലുള്ള കൃത്രിമമോ വഞ്ചനയോ കണ്ടാൽ ആ വ്യക്തിയെ മത്സരത്തിൽ നിന്ന് പുറത്താക്കുന്നതാണ്.

16. സംസ്ഥാന ടൂറിസം വകുപ്പ് നിയോഗിക്കുന്ന ഒരു വിദഗ്ധനോ വിദഗ്ധ സമിതിയോ ആയിരിക്കും എൻട്രികൾ ആദ്യം വിലയിരുത്തുന്നത്. ഈ സമിതി എൻട്രികൾ പരിശോധിച്ച് അതിൽ നിന്നും മികച്ച 100 എണ്ണം തെരഞ്ഞെടുക്കും. പരിശോധനയ്ക്കു ശേഷം വെബ്സൈറ്റിൽ പബ്ലിഷ് ചെയ്യുന്ന എൻട്രികളുടെ എണ്ണത്തിൽ അന്തിമ തീരുമാനം കേരള ടൂറിസത്തിന്റേതായിരിക്കും. വിജയികളെ മൂല്യനിർണയ സമിതി

തീരുമാനിക്കും. മൂല്യനിർണയ സമിതിയെ തെരഞ്ഞെടുക്കാനുള്ള അധികാരം കേരള ടൂറിസത്തിനാണ്.

17. മുന്നറിയിപ്പോ കാരണമോ കൂടാതെ മത്സരത്തിയതി നീട്ടാനോ മത്സരം റദ്ദാക്കാനോ മത്സരത്തിന്റെ നിയമാവലി, സമ്മാനങ്ങൾ എന്നിവ മാറ്റാനോ ഉള്ള അധികാരം കേരള ടൂറിസത്തിൽ നിക്ഷിപ്തമായിരിക്കും. ഈ മത്സരവുമായി ബന്ധപ്പെട്ടുള്ള ഏതുവിഷയത്തിലും കേരള ടൂറിസത്തിന്റെ തീർപ്പ് അന്തിമമായിരിക്കും. മൂല്യനിർണയ സമിതിയുടെ തീരുമാനം ഇക്കാര്യത്തിൽ അന്തിമ തീരുമാനം ആയിരിക്കും എന്നത് മത്സരാർത്ഥിയ്ക്ക് സ്വീകാര്യമായിരിക്കണം.

18. ഇന്ത്യൻ ഭരണകൂടത്തിന്റെ അതിർത്തിക്കുള്ളിൽ നിലവിലുള്ള എല്ലാ ദേശീയ, സംസ്ഥാന, തദ്ദേശ നിയമങ്ങളും നിയമവ്യവസ്ഥയും മത്സരത്തിനു ബാധകമായിരിക്കും. ഈ മത്സരത്തിൽ നിന്നുണ്ടാകാവുന്ന ഏതൊരു തർക്കത്തിനുമുള്ള നിയമാധികാരം തിരുവനന്തപുരം ജില്ലയിലെ കോടതികളിൽ മാത്രമായിരിക്കും.

19. ഈ മത്സരവുമായി ബന്ധപ്പെട്ട് ഉണ്ടാകാവുന്ന ഏതൊരു തർക്കത്തിനും തീർപ്പു കൽപ്പിക്കുന്നത് സംസ്ഥാന ടൂറിസം വകുപ്പ് സെക്രട്ടറി ആയിരിക്കും. സെക്രട്ടറിയുടെ തീരുമാനം അന്തിമമായിരിക്കും.

20. ഈ മത്സരത്തിൽ പങ്കെടുക്കുന്നതിലൂടെ കേരള ടൂറിസത്തിന്റെ പ്രൊമോഷണൽ/ മാർക്കറ്റിങ്ങ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന റോയൽറ്റി ഇല്ലാത്ത, പിൻവലിക്കാനാവാത്ത, കൈമാറ്റം ചെയ്യാവുന്ന, പങ്കിടാവുന്ന, സ്ഥിരമായ, പരിഷ്ക്കരിക്കാവുന്ന, പുനരുപയോഗിക്കാവുന്ന ഫോട്ടോ കേരള ടൂറിസത്തിന് നൽകുന്നതിൽ വിരോധമില്ലെന്ന് മത്സരാർഥി ഇതിനാൽ സമ്മതിക്കുന്നു.

21. മത്സരത്തിന്റെ ഭാഗമായി സമർപ്പിച്ച തങ്ങളുടെ പേരുകൾ, വിലാസം അടക്കമുള്ള വ്യക്തിവിവരങ്ങൾ എന്നിവ കേരള ടൂറിസമോ കേരള ടൂറിസത്തിന്റെ ഐസിടി സൊലൂഷൻസ് പ്രൊവൈഡറോ മത്സരം നടത്തുന്നതിനായോ കേരള ടൂറിസത്തിന്റെ പ്രൊമോഷണൽ/ മാർക്കറ്റിങ്ങ് ആവശ്യങ്ങൾക്കായോ ഉപയോഗിക്കുന്നതിൽ

മത്സരാർത്ഥികൾക്ക് വിരോധമില്ലെന്ന് ഇതിനാൽ സമ്മതിക്കുന്നു.

22. മത്സരത്തിന്റെ ഭാഗമായി മൂന്നാമതൊരാൾക്ക് ഉണ്ടാകാവുന്ന എന്തെങ്കിലും തരത്തിലുള്ള ബാധ്യതയ്ക്കോ നഷ്ടത്തിനോ, കേടുപാടുകൾക്കോ, ചെലവിനോ കേരള ടൂറിസമോ കേരള ടൂറിസത്തിന്റെ ഐസിടി സൊലൂഷൻസ് പ്രൊവൈഡറോ യാതൊരുവിധത്തിലും ഉത്തരവാദി അല്ലെന്നും ആയതിന്റെ നഷ്ടപരിഹാരത്തിന് ഉത്തരവാദികൾ തങ്ങൾ തന്നെയായിരിക്കുമെന്നും മത്സരാർത്ഥികൾ ഇതിനാൽ സമ്മതിക്കുന്നു.

23. വിജയികൾക്കുള്ള സമ്മാനങ്ങൾ:

വ്യക്തിഗതം –കേരളത്തിനകത്ത് – മൂന്ന് വിജയികൾ – ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ.

സ്ഥാപനങ്ങൾ/സംഘടനകൾ – കേരളത്തിനകത്ത് – മൂന്ന് വിജയികൾ – ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ.

വ്യക്തിഗതം – കേരളത്തിനു പുറത്ത് – മൂന്ന് വിജയികൾ – ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ.

സ്ഥാപനങ്ങൾ/സംഘടനകൾ – കേരളത്തിനകത്ത് – മൂന്ന് വിജയികൾ – ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ.

24. മത്സരത്തിൽ ഭാഗഭാക്കായതിന്റെ ഡിജിറ്റൽ സർട്ടിഫിക്കറ്റ് എല്ലാ മത്സരാർത്ഥികൾക്കും വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

25. മുകളിൽ പ്രഖ്യാപിച്ച സമ്മാനങ്ങൾക്കു പകരം പണം നൽകുന്നതല്ല.

26. ഈ മത്സരത്തിൽ പങ്കെടുക്കുന്നതിലൂടെ എല്ലാ മത്സരാർത്ഥികളും മുകളിൽ പറഞ്ഞിട്ടുള്ള നിയമാവലി അനുസരിക്കാൻ ബാദ്ധ്യസ്ഥരാണ്. മത്സരവുമായി ബന്ധപ്പെട്ടുള്ള എല്ലാ കാര്യത്തിലും കേരള ടൂറിസത്തിന്റെ തീർപ്പ് അന്തിമമായിരിക്കും.